# പാഠം 2

സാധാരണ എല്ലാ ഭാഷകളിലും അകാരം ഇകാരം ഉകാരം എന്നിവ കാണാം. അറബിയിലും ഉണ്ട് ആ രൂപങ്ങൾ. അത് വ്യക്തമാക്കാനാണ് ഈ പാഠത്തിൽ ശ്രമിക്കുന്നത്. ഈ വ്യത്യസ്ത രൂപങ്ങളെ എങ്ങനെ തിരിച്ച റിയാം എന്ന് നോക്കുക.

നാം ഇതുവരെ പഠിച്ച അക്ഷരങ്ങളെ അകാര ഇകാര ഉകാരാതികളിൽ എഴുതി നോക്കാം. അവ പരിശീലിക്കാതെ ഭാഷ ശരിയാകില്ല.

ആദ്യം പഠിച്ചത് അ എന്ന അക്ഷരമാണ്. അതിനെ അകാരത്തിൽ എഴുതി നോക്കാം. അ (ا) എന്ന അക്ഷരത്തിന്റെ മുകളിൽ ( َ ) ഇങ്ങനെ ഒരു വരയിട്ടാൽ അകാരത്തോടു കൂടിയ പൂർണമായ അ (اَ) എന്ന അക്ഷരമായി. ഇനി അതിനെ ഇകാരത്തിൽ എഴുതാം. നേരത്തെ മുകളിൽ ചേർത്ത വര താഴെ ( ِ ) ചേർക്കുക. (اِ) ഇപ്പോൾ ഇ എന്നായി.

ഇനി അതിനെ ഉകാരത്തിൽ എഴുതുക. അ എന്ന അക്ഷരത്തിനു മുകളിലായി വളഞ്ഞ, കൊളുത്തു പോലെ ( ُ ) എഴുതുക. ഇപ്പോൾ അത് ഉ (اُ) എന്നായി മാറി.

മലയാളത്തിൽ സംവൃതോകാരം അതായത് ചന്ദ്രക്കല നൽകുന്ന രീതി കാണാറുണ്ട്. ക് എന്ന അക്ഷരം ഉദാഹരണം. അറബിയിലും ആ രീതിയുണ്ട്. അ എന്ന അക്ഷരത്തെ അ് എന്നാക്കുന്ന രീതി ശ്രധിക്കുക. (ا) അയുടെ മുകളിൽ ( ْ ) എന്ന സംവൃതോകാരം ചേർക്കുക. (اْ) ഇപ്പോൾ അത് അ് ആയി മാറി.

അപ്പോൾ ( ـْـ ـُـ ـِـ ـَـ ) എന്നിവ യഥാക്രമം ഒരു അക്ഷരത്തിന് മുകളിൽ വന്നാൽ അകാരമായും ഇകാരമായും ഉകാരമായും അ്കാരമായും ഉച്ചരിക്കും. ഇത് വളരെ എളുപ്പം മനസ്സിലാക്കാവുന്നതേയുള്ളു.

| أْ | أُ | إِ | اَ |
|---|---|---|---|
| അ് | ഉ | ഇ | അ |

അറബിയിലെ എല്ലാ അക്ഷരങ്ങൾക്കും ഇത് ബാധകമാണ്.

| അ്കാരം | ഉകാരം | ഇകാരം | അകാരം |
|---|---|---|---|
| അ് اْ | ഉ اُ | ഇ اِ | അ اَ |
| ബ് بْ | ബു بُ | ബി بِ | ബ بَ |
| ഖ് خْ | ഖു خُ | ഖി خِ | ഖ خَ |
| റ് رْ | റു رُ | റി رِ | റ رَ |
| ദ് ضْ | ദു ضُ | ദി ضِ | ദ ضَ |

മറ്റുള്ള അക്ഷരങ്ങൾക്കും ഇത് ബാധകമാകുന്നു. ഇത് എഴുതി പരിശീലിക്കണം. ഭാഷയെ സംബന്ധിച്ചിടത്തോളം ഇത് ഏറെ പ്രാധാന്യമുള്ളതാകുന്നു.